**മേലെഴുത്ത് നം.ബി2/29343/2016/കോ.വി.വ            തീയതി. 06.12.2017**

പി.എസ്.സി സെക്രട്ടറിയുടെ കത്ത് ബന്ധപ്പെട്ട സർക്കാർ കോളേജ് പ്രിൻസിപ്പാൾമാരുടെ അറിവിലേയ്ക്കായി അയയ്ക്കുന്നു. കത്തിൽ പരാമർശിക്കുന്ന അദ്ധ്യാപകരെ പ്രസ്തുത പേരിനു നേരെ കത്തിൽ നൽകിയിരിക്കുന്ന തീയതിയും സമയ ക്രമമനുസരിച്ചും സർവ്വീസ് വെരിഫിക്കേഷനായി തിരുവനന്തപുരത്ത് പി.എസ്.സിയുടെ പട്ടത്തുള്ള ആസ്ഥാന കാര്യാലയത്തിൽ ബന്ധപ്പെട്ട രേഖകൾ സഹിതം കൃത്യമായി ഹാജരാകുവാൻ നിർദ്ദേശം നൽകാൻ അഭ്യർത്ഥിക്കുന്നു.

(ഒപ്പ്/-)
സീതാലക്ഷ്മി അമ്മ.എ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

//അംഗീകാരത്തോടെ//

സൂപ്രണ്ട്

S.R/07.10.2017

II

A/1/12/17

A

"ഭരണഭാഷ - മാതൃഭാഷ"

വെബ്സൈറ്റ് : www.keralapsc.gov.in
ഇ-മെയിൽ : kpsc@keralapsc.org

ഫോൺ : 0471-2546414

044199

# കേരള പബ്ലിക് സർവീസ് കമ്മീഷൻ

തിരുവനന്തപുരം

നമ്പർ: AA & VW II(2)16426/13/GW

തീയതി: 30.11.2017

സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
പട്ടം, തിരുവനന്തപുരം.

ഡയറക്ടർ,
കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം - 33

സർ,

വിഷയം:- നിയമന പരിശോധന - ഉദ്യോഗസ്ഥർ ഹാജരാകുന്നത് - സംബന്ധിച്ച്.

സൂചന:- 1) 14.12.2010 തീയതിയിലെ 41/2010/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.

2) കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 25.07.2017, 11.08.2017എന്നീ തീയതികളിലെ എ4/24887/2017/കോ.വി.വ, എ4/13705/2017/കോ.വി.വ, 04.08.2017ലെ എ3/33695/2016/കോ.വി.വ, 27.07.2017ലെ എ4/6771/2017/കോ.വി.വ, 08.08.2017ലെ എ1/20416/2014/കോ.വി.വ, 05.10.2017ലെ ബി4/13609/2016/കോ.വി.വ, 10.10.2017ലെ ബി4/32029/2016/കോ.വി.വ. നമ്പർ കത്തുകൾ.

*****

സൂചന (1)-ലെ ഉത്തരവ് പ്രകാരം ഭാവിയിലുള്ള എല്ലാ പി.എസ്.സി. നിയമനങ്ങളിലും പി.എസ്.സിയുടെ വെരിഫിക്കേഷൻ റിപ്പോർട്ട് കൂടി വാങ്ങിയ ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് ഉത്തരവായിരുന്നു. സർവ്വീസ് വെരിഫിക്കേഷൻ റിപ്പോർട്ട് നൽകുന്നതിന് മുന്നോടിയായി, താങ്കളുടെ വകുപ്പിൽ ജോലി ചെയ്യുന്നതും സർവ്വീസ് റെഗുലറൈസ് ചെയ്യപ്പെടേണ്ടതുമായ **18** അദ്ധ്യാപകരുടെ സർവ്വീസ് വെരിഫിക്കേഷൻ **20.12.2017-ാം** തീയതി രാവിലെ **09.30**ന് നടത്തുവാൻ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. വെരിഫിക്കേഷൻ സമയക്രമം താഴെപറയുന്നു.

| Sl. No. | Name | Designation | Date | Time |
|---|---|---|---|---|
| 1 | SISA S. | Lecturer in Political Science | **20.12.2017** | **09.30 a.m.** |
| 2 | ABDUL MANAF A. | " | " | " |
| 3 | SREEJITH Y. | " | " | " |
| 4 | UMMER V.M. | Lecturer in Arabic | " | " |
| 5 | SALAHUDHIN K. | " | " | " |

| | | | | |
|---|---|---|---|---|
| 6 | NOUSHAD P.M. | Lecturer in Arabic | **20.12.2017** | **09.30** |
| 7 | MAHIMA K. | Lecturer in English | ” | ” |
| 8 | VIJITHA V. | Lecturer in Philosophy | ” | ” |
| 9 | ANOOP SIVADAS | Lecturer in Psychology | ” | ” |
| 10 | ANISH V.R. | Lecturer in Political Science | ” | ” |
| 11 | SREEKALA K. | Lecturer in Commerce | ” | ” |
| 12 | ARUN K. | ” | ” | ” |
| 13 | BIJU P.J. | ” | ” | ” |
| 14 | KRISHNAN NAMBOOTHIRI N.S. | ” | ” | ” |
| 15 | NEENA MERINA | ” | ” | ” |
| 16 | SUBITHA K.A. | Lecturer in Sanskrit (Nyaya) | ” | ” |
| 17 | SUMANGALA P.G. | ” | ” | ” |
| 18 | PRIYA M.P. | ” | ” | ” |

***ടി ഉദ്യോഗസ്ഥർക്ക് പ്രസ്തുത തീയതിയിലും സമയത്തും സർവ്വീസ് വെരിഫിക്കേഷന് വേണ്ടി പി.എസ്.സി.യുടെ പട്ടത്തുള്ള ആസ്ഥാന ഓഫീസിൽ ഹാജരാകണമെന്ന നിർദ്ദേശം അടിയന്തിരമായി നൽകേണ്ടതാണ്.*** വെരിഫിക്കേഷൻ സമയത്ത് നിയമനശിപാർശാ കത്തിലെ മേൽവിലാസം തെളിയിക്കുന്നതിനായി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള താഴെപ്പറയുന്ന **തിരിച്ചറിയൽ രേഖകളിലേതെങ്കിലും ഒന്നും, ജോലി ചെയ്യുന്ന സ്ഥാപനത്തിൽ/വകുപ്പിൽ നിന്നും തിരിച്ചറിയൽ കാർഡ് നൽകിയിട്ടുള്ള പക്ഷം ആയതുംകൂടി** നിർബന്ധമായും വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കണമെന്ന് ഉദ്യോഗസ്ഥർക്ക് വ്യക്തമായ നിർദ്ദേശം നൽകേണ്ടതാണ്. **നിയമനശിപാർശാകത്തിലെ മേൽവിലാസവും തിരിച്ചറിയൽ രേഖയിലെ മേൽവിലാസവും വ്യത്യസ്ഥമാണെങ്കിൽ ടി മേൽവിലാസങ്ങളിലെ വ്യക്തി ഒരാൾ തന്നെയെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ഗസറ്റഡ് ഉദ്യോഗസ്ഥൻ/വില്ലേജ് ഓഫീസർ നൽകിയത്)** ഹാജരാക്കണമെന്നുകൂടി നിർദ്ദേശം നൽകേണ്ടതാണ്.

1. ഇലക്ഷൻ കമ്മീഷൻ നൽകിയ വോട്ടർ ഐഡന്റിറ്റി കാർഡ്.
2. ദേശസാത്കൃത ബാങ്കുകൾ നൽകുന്ന ഫോട്ടോ പതിച്ച പാസ്ബുക്ക്
3. ഡ്രൈവിംഗ് ലൈസൻസ്
4. പാസ്പോർട്ട്
5. അഡ്വക്കേറ്റ് ആയി എൻറോൾ ചെയ്തവർക്ക് ബാർ കൗൺസിൽ നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ്
6. സാമൂഹ്യക്ഷേമ വകുപ്പ് വികലാംഗർക്കു നൽകുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്
7. കേരള സംസ്ഥാനത്തിലെ സർവ്വകലാശാല ജീവനക്കാർക്ക് നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ്
8. വിമുക്ത ഭടന്മാരുടെ ഡിസ്ചാർജ് സർട്ടിഫിക്കറ്റ്/ജില്ലാ സൈനിക ക്ഷേമ ഓഫീസർ വിമുക്ത ഭടന്മാർക്ക് നൽകുന്ന ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ്
9. മോട്ടോർ വാഹന വകുപ്പ് നൽകുന്ന കണ്ടക്ടർ ലൈസൻസ്
10. കേന്ദ്ര ഗവൺമെന്റ് നൽകുന്ന ആധാർ കാർഡ്
11. വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് മെഡിക്കൽ ബോർഡ് നൽകുന്ന ഫോട്ടോ പതിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ്
12. ഷെഡ്യൂൾഡ് ബാങ്കുകൾ/ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്/ ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ എന്നിവ നൽകുന്ന ഫോട്ടോ പതിച്ച പാസ്ബുക്ക്

മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരുടെ നിയമനവുമായി ബന്ധപ്പെട്ട പി.എസ്.സി.യുടെ നിയമനശിപാർശാകത്തിന്റെയും നിയമന ഉത്തരവിന്റെയും നിയമനാധികാരി സാക്ഷ്യപ്പെടുത്തിയ പകർപ്പ് അയച്ചുതന്നിട്ടില്ലെങ്കിൽ വെരിഫിക്കേഷൻ തീയതിക്കു മുൻപ് ലഭിക്കത്തക്കവണ്ണം അയച്ചുതരേണ്ടതാണ്.

വിശ്വസ്തതയോടെ,

(signature)

**കൃഷ്ണാംബിക പി.**
**ഡെപ്യൂട്ടി സെക്രട്ടറി,**
കേരള പബ്ലിക് സർവീസ് കമ്മീഷൻ
സെക്രട്ടറിയ്ക്കുവേണ്ടി